വ്യവസായവും, എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : മട്ടാഞ്ചേരി ഉൾപ്പെടെ സംസ്ഥാനമൊട്ടുക്ക് മദ്യനിരോധനം കഴിയുന്നതുംവേഗം നടപ്പിൽവരുത്തണമെന്നാണ് ഗവണ്മെണ്ടിന്റെ ഉദ്ദേശം?

കടത്തു കൂലി

*൨൦൪. (നമ്പർ) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിവിഭാഗത്തിൽ കടത്തു കാശ്ശു പിരിക്കുന്ന സമ്പ്രദായം തിരുവിതാംകൂറിലുമുണ്ടോ ;

(ബി) ഇല്ലെങ്കിൽ കടത്തു സംയോജനം നടത്തി ഈ പിരിവിൽനിന്നും കൊച്ചിക്കാരെ ഒഴിവാക്കുമോ?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) :

(എ) ഇല്ല.

(ബി) ആലോചിക്കാം.

ഹരിജൻ ഹോസ്റ്റൽ

*൨൦൫. (നമ്പർ) ശ്രീ. ടി. വി. ദേവൻ : താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പിന്നോക്കസമുദായത്തിൽനിന്നും ഹൈസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി എത്ര ഹോസ്റ്റലുകൾ നടത്തുവാൻ തീർച്ചപ്പെടുത്തി?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : ഹൈസ്കൂളുകളിൽ പഠിക്കുന്ന പിന്നോക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി ഹോസ്റ്റലുകൾ നടത്തുവാൻ തീർച്ചപ്പെടുത്തിയിട്ടില്ല. ഈ ഉത്തരത്തിന്റെ വെളിച്ചത്തിൽ രണ്ടാം ചോദ്യം ഉദിക്കുന്നില്ല.

ഖാദി പദ്ധതി

*൨൦൬. (൭൫) ശ്രീ. ടി. എസ്സ്. ബന്ധു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഖാദിപ്രവർത്തനക്കാര്യത്തിൽ ഗവണ്മെണ്ടിന് വല്ല പദ്ധതിയും ഉണ്ടോ ;

(ബി) സംഘടനകളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ ഈ വിഷയത്തിൽ ഏതെങ്കിലും പദ്ധതികൾ ഗവണ്മെണ്ടിന് ലഭിച്ചിട്ടുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) :

(എ) ഇപ്പോൾ പ്രത്യേക പദ്ധതി ഇല്ല. എന്നാൽ ഖാദിപ്രചരണാർത്ഥം നടത്തിവരുന്ന സ്ഥാപനങ്ങളിൽ പരിശീലനകേന്ദ്രങ്ങളെന്ന നിലയിൽ പ്രോത്സാഹനം അർഹിക്കുന്നവക്ക് ടെക്നിക്കൽ എഡ്യൂക്കേഷൻ കോഡ് അനുസരിച്ച് സഹായധനം നൽകിവരുന്നുണ്ട്.

(ബി) All Cochin Khadi Trust ഒരു സ്കീം ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly